# Malayala Manorama
# 25 August 2018
# Sabarimala mala; Pamda, Flood

# പമ്പാ ത്രിവേണിയിൽ രണ്ട് ബെയ്‌ലി പാലങ്ങൾ

■ നിർമാണം അടുത്ത മാസം നട തുറക്കുന്നതിനു മുൻപ്

**മനോരമ ലേഖകൻ**

ശബരിമല● പമ്പാ ത്രിവേണിയിൽ പ്രളയത്തിൽ നശിച്ച പാലങ്ങൾക്കു പകരം കരസേനയുടെ ബെയ്‌ലി പാലങ്ങൾ നിർമിക്കാൻ തീരുമാനിച്ചു. വെള്ളപ്പൊക്കത്തിൽ പാലങ്ങൾ നശിച്ചതിനെ തുടർന്നു ചിങ്ങമാസം, ഓണം പൂജകൾക്കു സന്നിധാനത്തിൽ എത്താൻ പറ്റാത്ത സ്ഥിതിയാണ്. അടുത്ത മാസം നട തുറക്കുന്നതിനു മുൻപു ബെയ്‌ലി പാലം നിർമിക്കും. പാലങ്ങളിൽ ഒന്നു ഭക്തർക്കു നടന്നുപോകാനും മറ്റൊന്ന് ആംബുലൻസ് അടക്കം അത്യാവശ്യ വാഹനങ്ങൾ കടന്നുപോകാനുമുള്ളതാണ്. പമ്പ ഹിൽ ടോപ്പിൽ തുടങ്ങി പമ്പാ ഗണപതിക്ഷേത്രം വരെ ബന്ധിപ്പിച്ചായിരിക്കും പാലം. പമ്പാ നദിക്കരയിൽ ഇനി കോൺക്രീറ്റ് നിർമാണങ്ങൾ ഉണ്ടാവില്ല. ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രന്റെ നേതൃത്വത്തിൽ പമ്പയിൽ ചേർന്ന അവലോകന യോഗത്തിന്റേതാണു തീരുമാനം.

**യോഗത്തിലെ മറ്റു പ്രധാന തീരുമാനങ്ങൾ**

■ പമ്പയിൽ അടിഞ്ഞുകൂടിയ ചെളി നീക്കും.
■ പമ്പയിൽ ആവശ്യത്തിനു ജൈവ ശുചിമുറി സംവിധാനം
■ സീവേജ് ട്രിറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കും.
■ റോഡുകൾക്കു സംരക്ഷണഭിത്തി നിർമിക്കും
■ ശബരിമലയിൽ ഗതാഗതനിയന്ത്രണം. പമ്പയിൽ വൺവേ.
■ വൈദ്യുതിവിതരണത്തിനു പുതിയ ടവറുകൾ നിർമിക്കും.
■ അപകടഭീഷണിയായ മരങ്ങൾ മുറിക്കും.
■ ചാലക്കയം-പമ്പാ റോഡ് ഗതാഗതയോഗ്യമാക്കും
■ രാമമൂർത്തി മണ്ഡപത്തിനു പകരം താൽക്കാലിക മണ്ഡപം നിർമിക്കും.
■ വലിയാനവട്ടം, ചെറിയാനവട്ടം പാലങ്ങളുടെ പുനരുദ്ധാരണം
■ പമ്പയിലെ ആശുപത്രി ഉടൻ പ്രവർത്തനമാരംഭിക്കും.

ദേവസ്വം ബോർഡ് പ്രസിഡന്റ് എ.പത്മകുമാർ അധ്യക്ഷനായിരുന്നു. ആന്റോ ആന്റണി എംപി, രാജു ഏബ്രഹാം എംഎൽഎ, ദേവസ്വം ബോർഡ് അംഗങ്ങളായ കെ.രാഘവൻ, കെ.പി.ശങ്കരദാസ്, ആർമി മേജർ ആശിഷ് ഉപാധ്യായ, ദേവസ്വം കമ്മിഷണർ എൻ.വാസു, ജില്ലാ പൊലീസ് മേധാവി ടി.നാരായണൻ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. 15 ദിവസം കഴിഞ്ഞു വീണ്ടും യോഗം ചേരും.

## ശബരിമലയിൽ ഓണം പൂജകൾ തുടങ്ങി

ശബരിമല ● അയ്യപ്പസന്നിധിയിൽ ഓണം പൂജകൾ തുടങ്ങി. അയ്യപ്പസ്വാമിക്ക് ഉദയാസ്തമന പൂജയും പടിപൂജയും നടന്നു. തന്ത്രി കണ്ഠര് മഹേഷ് മോഹനര്, മേൽശാന്തി ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി എന്നിവർ കാർമികത്വം വഹിച്ചു. 28 വരെ പൂജകൾ ഉണ്ടാകും.



പമ്പയിലെ നാശനഷ്ടങ്ങൾ മന്ത്രി കടകംപള്ളി സുരേന്ദ്രൻ കാണുന്നു. ദേവസ്വം പ്രസിഡന്റ് എ.പത്മകുമാർ, ദേവസ്വം ബോർഡ് അംഗങ്ങളായ എൻ.രാഘവൻ, കെ.പി.ശങ്കരദാസ് എന്നിവർ സമീപം. ചിത്രം: മനോരമ

## ബെയ്‌ലി പാലം

നേരത്തേ സജ്ജമാക്കിയ ഭാഗങ്ങൾ കൂട്ടിയോജിപ്പിച്ച് എളുപ്പത്തിൽ നിർമിക്കുന്ന താൽക്കാലിക പാലമാണു ബെയ്‌ലി പാലം. രണ്ടാം ലോകമഹായുദ്ധകാലത്തു ബ്രിട്ടിഷ് ഉദ്യോഗസ്ഥനായിരുന്ന ഡോണാൾഡ് ബെയ്‌ലി സൈനിക ആവശ്യങ്ങൾക്കായി രൂപകൽപന ചെയ്ത സാങ്കേതിക സംവിധാനമാണിത്. ഉരുക്കും തടിയുമാണു പാലത്തിന്റെ പ്രധാന ഘടകങ്ങൾ. ആവശ്യം കഴിഞ്ഞാൽ പാലം പൊളിച്ചുനീക്കാനും ഏറെയെളുപ്പം. നമ്മുടെ കരസേന ബെയ്‌ലി പാലം നിർമാണത്തിൽ വൈദഗ്ധ്യം നേടിയവരാണ്.

പത്തനംതിട്ട ജില്ലയിലെ റാന്നി പാലം 1996 ജൂലൈ 29നു തകർന്നുവീണപ്പോൾ പകരം കരസേന നിർമിച്ച ബെയ്‌ലി പാലമായിരുന്നു ആശ്രയം. കഴിഞ്ഞ വർഷം പത്തനംതിട്ട, കൊല്ലം ജില്ലകളെ ബന്ധിപ്പിക്കുന്ന ഏനാത്തുപാലം വഴി ഗതാഗതം നിരോധിച്ചപ്പോൾ കരസേന നിർമിച്ച ബെയ്‌ലി പാലം വഴിയാണു താൽക്കാലികമായി ഗതാഗതം ക്രമീകരിച്ചത്.